സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

Estd : 2007

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 3 ശനി ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ




# ഒഡീഷ ട്രെയിൻ ദുരന്തം

# മരണം 288 കടന്നു

## 900ലേറെ പേർക്ക് പരുക്ക്

ഭുവനേശ്വർ: രാജ്യത്തെ നടുക്കി ഒഡീഷയിൽ ട്രെയിൻ ദുരന്തം. മരിച്ചവരുടെ എണ്ണം 288 ആയി. 900ത്തിലേറെ പേർക്ക് പരുക്കേറ്റു. കഴിഞ്ഞദിവസം രാത്രിയാണ് അപകടമുണ്ടായത്. ബാലസോറിന് സമീപം പാളം തെറ്റി മറിഞ്ഞ ഷാലിമാർ- ചെന്നൈ കോറമണ്ഡൽ എക്സ്പ്രസിലേക്ക് കുതിച്ചെത്തിയ യശ്വന്ത്പുർ-ഹൗറ എക്സ്പ്രസ് ഇടിച്ചുകയറിയാണ് അപകടമുണ്ടായത്. ഇടിയുടെ ആഘാതത്തിൽ ട്രെയിൻ കോച്ചുകൾ അടുത്ത് നിർത്തിയിട്ട ഗുഡ്സ് ട്രെയിനിന് മുകളിലേക്ക് തെറിച്ചു വീണു. ദേശീയ ദുരന്തനിവാരണ സേനയടക്കമുള്ള വൻ സംഘം അപകട സ്ഥലത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്. അപകടത്തിൽ പെട്ട എസ്.എം.വി.ടി ഹൗറ എക്സ്പ്രസിൽ ബെംഗളുരുവിൽ നിന്ന് കയറിയത് 994 റിസർവ് ചെയ്ത യാത്രക്കാരാണെന്ന് റെയിൽവെ അറിയിച്ചു. 300 പേർ റിസർവ് ചെയ്യാതെയും കയറിയതായാണ് അനുമാനം. റിസർവ് ചെയ്ത യാത്രക്കാരുടെ വിവരങ്ങൾ എല്ലാം എടുത്തതായും ഇവ ആശുപത്രിയിൽ ഉള്ളവരുടെ വിവരങ്ങളുമായി ഒത്തുനോക്കുകയാണ്. എസ്.എം.വി.ടി ഹൗറ എക്സ്പ്രസിന്റെ പിൻവശത്തുള്ള ജനറൽ സിറ്റിംഗ് കോച്ചിനാണ് വലിയ കേടുപാടുകൾ പറ്റിയിരിക്കുന്നത്.

പിന്നിൽ ഉള്ള ഒരു ജനറൽ കോച്ചും അടുത്തുള്ള രണ്ട് ബോഗികളും പാളം തെറ്റി മറിയുകയായിരുന്നു. എ വൺ മുതൽ എഞ്ചിൻ വരെയുള്ള കോച്ചുകളിൽ വലിയ കേടുപാടുകൾ ഇല്ലെന്നും റെയിൽവെ അറിയിച്ചു. അതേസമയം റിസർവ് ചെയ്യാത്ത യാത്രക്കാരുടെ വിവരങ്ങൾ നൽകാൻ ബുദ്ധിമുട്ടാണെന്നും റെയിൽവെ വ്യക്തമാക്കി.

## പ്രധാനമന്ത്രി ഒഡീഷയിലേക്ക്

ഭുവനേശ്വർ: ഒഡീഷയിലെ ട്രെയിൻ ദുരന്തം നടന്ന ബാലസോർ പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശിക്കും. ട്രെയിൻ ദുരന്തം നടന്ന ബാലസോറും പന്നാലെ പരുക്കേറ്റവരെ പ്രവേശിപ്പിച്ച ആശുപത്രികളും അദ്ദേഹം സന്ദർശിക്കും. കൂടാതെ അപകടം ചർച്ച ചെയ്യാൻ ഉന്നതതല യോഗം വിളിക്കും.

## ഒഡീഷയിൽ ഇന്ന് ഔദ്യോഗിക ദുഃഖാചരണം: നവീൻ പട്നായിക്

ബാലസോർ: ട്രെയിൻ ദുരന്തത്തെ തുടർന്ന് ഒഡീഷയിൽ ഇന്ന് ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. സംസ്ഥാന തലത്തിൽ ഇന്ന് യാതൊരുവിധ ആഘോഷപരിപാടികളും നടത്തില്ലെന്ന് മുഖ്യമന്ത്രി നവീൻ പട്നായിക് അറിയിച്ചു. അപകടത്തിൽ പരുക്കേറ്റവർക്ക് മികച്ച ചികിത്സ നൽകുമെന്നും ചികിത്സാ ചെലവുകൾ സംസ്ഥാനം വഹിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മരിച്ചവരുടെ കുടുംബത്തിന് 10 ലക്ഷം, മരണസംഖ്യ ഉയരാൻ സാധ്യതയെന്ന് റെയിൽവേ മന്ത്രി

ഭുവനേശ്വർ: ഒഡീഷയിലെ ബാലസോറിലുണ്ടായ ദുരന്തത്തിൽ മരണസംഖ്യ ഉയരാനാണ് സാധ്യതയെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. അതുപോലെ ദുരന്തം സംബന്ധിച്ച് ദുരന്തം റെയിൽവേ സുരക്ഷ കമ്മിഷണർ അന്വേഷിക്കുമെന്നും മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. അപകടസ്ഥലം സന്ദർശിച്ച ശേഷമാണ് മന്ത്രി പ്രതികരിച്ചത്. മരിച്ചവരുടെ കുടുംബത്തിന് റെയിൽവേ 10 ലക്ഷം രൂപയും ഗുരുതരമായി പരുക്കേറ്റവർക്ക് രണ്ട് ലക്ഷം രൂപയും സഹായം നൽകും. പരുക്കേറ്റവർക്ക് മികച്ച ചികിൽസ ഉറപ്പാക്കും. ഗതാഗതം പുനഃസ്ഥാപിക്കാനും ദ്രുതഗതിയിൽ ശ്രമം നടക്കുന്നുവെന്നും



റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അപകടസ്ഥലം സന്ദർശിച്ചപ്പോൾ

മന്ത്രി അറിയിച്ചു.അപകടത്തിന്റെ കാരണത്തെ കുറിച്ച് ഇപ്പോൾ പറയാൻ സാധിക്കില്ലെന്നും രക്ഷാപ്രവർത്തനത്തിനാണ് മുഖ്യ പരിഗണന നൽകുന്നതെന്നും അശ്വിനി വൈഷ്ണവ് മാധ്യമങ്ങളോട് വ്യക്തമാക്കി. രക്ഷാപ്രവർത്തനത്തിന് സൈന്യത്തെയും ദുരന്തനിവാരണസേനയെയും വിന്യസിച്ചു. അപകടത്തെ തുടർന്ന് 38 ഓളം ട്രെയിനുകൾ റദ്ദാക്കി.

# ആശങ്കയുണർത്തുന്ന ട്രെയിനപകടങ്ങൾ

അത്യന്തം ദുഃഖകരമായ ഒരുവാർത്തയാണ് ഒഡീഷയിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. അവിടെ ട്രെയിനുകൾ പാളം തെറ്റി നിരവധി പേർ മരിക്കുകയും ഒട്ടനവധി പേർക്ക് ഗുരുതരമായ പരുക്കേൽക്കുകയും ചെയ്തിരിക്കുകയാണ്. മരണസംഖ്യ ഉയരാനാണ് സാധ്യത. യശ്വന്ത്പുരിൽനിന്ന് ഹൗറയിലേക്ക് പോവുകയായിരുന്ന സൂപ്പർഫാസ്റ്റ് എക്സ്പ്രസ് (12864) കൊൽക്കത്തയിൽ നിന്ന് ചെന്നൈയിലേക്ക് പോവുകയായിരുന്ന കോറമാണ്ഡൽ എക്സ്പ്രസ് (12841), ചരക്കുതീവണ്ടി എന്നിവയാണ് അപകടത്തിലായത്. ബാലസോർ ജില്ലയിലെ ബഹനാഗബസാറിൽ ഇന്നലെ വൈകീട്ട് ഏഴുമണിയോടെയാണ് അപകടമുണ്ടായത്. യശ്വന്ത്പുരിൽ നിന്ന് ഹൗറയിലേക്ക് പോകുകയായിരുന്ന തീവണ്ടിയാണ് ആദ്യം പാളം തെറ്റിമറിഞ്ഞത്. തൊട്ടടുത്ത ട്രാക്കിലൂടെ വന്ന കോറമാണ്ഡൽ എക്സ്പ്രസ് ഇതിനെ ഇടിച്ച് മറിയുകയും തുടർന്ന് ചരക്ക് തീവണ്ടിയിലും ഇടിക്കുകയായിരുന്നുവെന്നാണ് റെയിൽവേ വൃത്തങ്ങൾ നൽകുന്ന വിവരം.

മരിച്ചവരുടെ കുടുംബങ്ങൾക്കും പരുക്കേറ്റവർക്കും റെയിൽവേ ദുരിതാശ്വാസം പ്രഖ്യാപിക്കുയും രാഷ്ട്രപതിയും പ്രധാനമന്ത്രിയും അഗാധമായ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രാജ്യമാകെ ഈ ദുരന്തത്തിന്റ വേദനയിലാണ്. യാത്രകളിൽ ഏറ്റവും സുരക്ഷിതമായ യാത്രകളിലൊന്നാണ് ട്രെയിൻ യാത്ര. പൊതുജനങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന യാത്രാസൗകര്യമാണിത്. താരതമ്യേന അപകടങ്ങൾ കുറവുമാണ്. അപകടങ്ങൾ ഇല്ലാതാക്കാൻ റെയിൽവേ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എന്നാലും ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കപ്പെടേണ്ടത് തന്നെയാണ്. അപകടത്തെപ്പറ്റി റെയിൽവേ നടത്തുന്ന അന്വേഷണത്തിലൂടെ മാത്രമേ യഥാർഥ കാരണം കണ്ടെത്താനാവൂ. അന്വേഷണം നടത്തി ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2012ൽ ആന്ധ്രാപ്രദേശ് അതിർത്തിക്കടുത്തുണ്ടായ അപകടത്തിൽ 25 പേരാണ് മരണപ്പെട്ടത്. 2014ൽ ഉത്തർപ്രദേശിലെ ശാന്ത്നഗറിലുണ്ടായ അപകടത്തിൽ 25 പേരും 2016ൽ ഉണ്ടായ പാട്ന എക്സ്പ്രസ് ദുരന്തത്തിൽ 150 പേരും 2017 ഓഗസ്റ്റിൽ ഉത്തർപ്രദേശിലുണ്ടായ അപകടത്തിൽ 23 പേരും 2022 ജനുവരിയിൽ ബിക്കാനീർ-ഗുവാഹത്തി എക്സ്പ്രസ് ദുരന്തത്തിൽ ഒമ്പത് പേരും മരിക്കുകയുണ്ടായി. കഴിഞ്ഞ 10 വർഷത്തിനിടക്കുണ്ടായ ട്രെയിൻ ദുരന്തങ്ങളാണിത്. ഈ അപകടങ്ങളിൽ നിരവധിപേർ മരിക്കുകയും പലർക്കും പരുക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തങ്ങൾ ആവർത്തിക്കുമ്പോൾ സുരക്ഷയെക്കുറിച്ച് കൂടുകൽ ഗൗരവത്തോടെയുള്ള ആലോചനകളും നടപടികളും അനിവാര്യമാണ്. ഇത്തരും ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കട്ടെ. മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ഒഡീഷ ട്രെയിൻ അപകടത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട് നാല് മലയാളികൾ

ഭുവനേശ്വർ : ഒഡീഷ ബാലസോറിന് സമീപത്തുണ്ടായ ട്രെയിൻ അപകടത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട് നാല് മലയാളികൾ. കണ്ടശാങ്കടവ് സ്വദേശികളായ കിരൺ, വിജേഷ്, വൈശാഖ്, രഘു, എന്നിവരാണ് നിദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടത്. ഒരു ക്ഷേത്ര നിർമാണവുമായി ബന്ധപ്പെട്ടുള്ള ജോലികൾക്ക് വേണ്ടി കൊൽക്കത്തയിൽ പോയി തിരിച്ചു വരുന്നതിനിടയിലാണ് ഇവർ അപകടത്തിൽ പ്പെട്ടത്. നാലുപേർക്കും പരുക്കേറ്റിട്ടുണ്ടെങ്കിലും സാരമുള്ളതല്ല.



ഒഡീഷ ട്രെയിൻ അപകടത്തിൽനിന്ന് രക്ഷപ്പെട്ട നാലംഗ മലയാളി സംഘം

കോറമാണ്ഡൽ ട്രെയിനിലെ സ്ലീപ്പർ കമ്പാർട്ടുമെന്റിൽ നിന്ന് യാത്ര ചെയ്യുകയായിരുന്നു തങ്ങളെന്ന് നാലാംഗ സംഗത്തിലെ ഒരാളായ കിരൺ വ്യക്തമാക്കി. പെട്ടന്നാണ് അപകടമുണ്ടായത്. എമർജൻസി എക്സിറ്റ് വഴിയാണ് പുറത്തേക്കിറങ്ങിയത്. കമ്പാട്ടുമെന്റിൽ ഒപ്പം യാത്ര ചെയ്യുകയായിരുന്ന ആളുകൾ അപകടത്തിൽ മരിച്ചു. പരുക്കേറ്റവരിൽ മൂന്ന് പേരെ പുറത്തേക്ക് എത്തിച്ച ശേഷമാണ് തങ്ങൾ രക്ഷപ്പെട്ടതെന്നും കിരൺ പറഞ്ഞു. അന്തിക്കാട് സ്വദേശികളായ എട്ടുപേരാണ് നിർമാണ പ്രവർത്തനങ്ങൾക്ക് വേണ്ടി കൊൽക്കത്തയിലേക്ക് പോയിരുന്നത്. ഇതിൽ കരാറുകാരൻ ഉൾപ്പടെ നാലുപേർ കഴിഞ്ഞ ദിവസം അന്തിക്കാട് തിരികെയെത്തിയിരുന്നു. ബാക്കി നാലു പേർ ഇന്ന് ട്രെയിനിൽ തിരികെ വരുന്നതിനിടെയാണ് അപകടത്തിൽ പെട്ടത്. അപകടമുണ്ടായതിന് പിന്നാലെ നാല് പേരും സമീപത്തിലുള്ള വീട്ടിൽ അഭയം തേടി. അതിന് ശേഷമാണ് ആശുപത്രിയിൽ പ്രവേശിച്ചത്. തലയ്ക്കും മുഖത്തിനും പരുക്കേറ്റ നാല് പേരുടെയും നില ഗുരുതരമല്ല.

## ഉത്തരവാദിത്വം ഏറ്റെടുത്ത് റെയിൽവേ മന്ത്രി രാജിവയ്ക്കണം: തൃണമൂൽ കോൺഗ്രസ്

കൊൽക്കത്ത: ഒഡീഷയിലുണ്ടായ ട്രെയിൻ ദുരന്തത്തിൽ കേന്ദ്രസർക്കാരിനെതിരേ തൃണമൂൽ കോൺഗ്രസ്. ദുരന്തത്തിന് കാരണം കേന്ദ്രസർക്കാരിന്റെ അലംഭവാമാണെന്ന് തൃണമൂൽ കോൺഗ്രസ് നേതാക്കൾ കുറ്റപ്പെടുത്തി. കേന്ദ്രസർക്കാരിനുണ്ടായ വീഴ്ചയാണ് ദുരത്തിന് കാരണമെന്ന് ചൂണ്ടിക്കാട്ടി ടി.എം.സി എം.പി ഡെറക് ഒബ്രിയാനാണ് കേന്ദ്ര മന്ത്രിയ്ക്ക് എതിരേ പ്രതികരണവുമായെത്തിയത്. അപകടങ്ങൾ തടയാൻ ട്രെയിനുകളിൽ ആന്റി കൊളിഷൻ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിൽ കേന്ദ്രം അലംഭാവം കാണിക്കുകയാണ്. പ്രതിപക്ഷ നേതാക്കൾക്കെതിരായ ചാരപ്പണി ചെയ്യാൻ കോടിക്കണക്കിന് രൂപ സോഫ്റ്റ്വെയറിനായി ചെലവഴിക്കുന്ന കേന്ദ്ര സർക്കാർ വന്ദേ ഭാരത് ട്രെയിനുകളെയും പുതുതായി നിർമിച്ച റെയിൽവേ സ്റ്റേഷനുകളെയും കുറിച്ച് പൊതുജനങ്ങളെ തെറ്റിധരിപ്പിക്കുകയാണ്.

'രാജ്യത്തെ നടുക്കിയ സംഭവത്തിൽ അതിയായ ദുഃഖമുണ്ട്. അപകടത്തിൽ ഇരുനൂറിലധികം പേർക്കാണ് ജീവൻ നഷ്ടമായത്.

അവരുടെ കുടുംബാംഗങ്ങളെ കുറിച്ചോർക്കുമ്പോൾ ഹൃദയം നുറുങ്ങുകയാണ്. പരുക്കേറ്റവർക്ക് വേഗം സുഖം പ്രാപിക്കട്ടെ. സംഭവത്തിൽ മനസാക്ഷിയുണ്ടങ്കിൽ റെയിൽവേ മന്ത്രി രാജിവെക്കണം' ഡെറക് ഒബ്രിയാൻ ട്വീറ്റിൽ വ്യക്തമാക്കി.

## സിഗ്നലിലെ പിഴവാണ് അപകടത്തിന് കാരണമെന്ന് പ്രാഥമിക നിഗമനം

ഭുവനേശ്വർ: ഇരുനൂറിലധികം പേരുടെ മരണത്തിനിടയാക്കിയ ഒഡിഷയിലെ ട്രെയിൻ അപകടത്തിന് കാരണം സിഗ്നലിലെ പിഴവെന്ന് പ്രാഥമിക നിഗമനം. എന്നാൽ, ഇതിന് ഔദ്യോഗിക സ്ഥിരീകരണം ലഭിച്ചിട്ടില്ല. അപകടത്തെ പറ്റി ഉന്നതതല അന്വേഷണം നടത്താൻ ഉത്തരവിട്ടതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചിട്ടുണ്ട്. ഇത്രയധികം പേരുടെ മരണത്തിന് ഇടയാക്കിയത് മിനിറ്റുകളുടെ വ്യത്യാസത്തിലുണ്ടായ രണ്ട് ട്രെയിൻ അപകടങ്ങളാണ്.

## ട്രെയിൻ ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് ധനസഹായം പ്രഖ്യാപിച്ച് തമിഴ്നാട് സർക്കാർ

ഭുവനേശ്വർ: ഒഡീഷയിൽ ട്രെയിൻ ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം പ്രഖ്യാപിച്ച് തമിഴ്നാട് സർക്കാർ. മരിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം വീതവും പരുക്കേറ്റവർക്ക് ഒരു ലക്ഷം രൂപ വീതവും നൽകുമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ അറിയിച്ചു. ട്രെയിനിൽ യാത്ര ചെയ്തവരുടെ വിവരങ്ങൾ അറിയുന്നവർ എത്രയും വേഗം ഹെൽപ് ലൈൻ നമ്പറുകളിൽ ബന്ധപ്പെടണമെന്നും അദ്ദേഹം വ്യക്തമാക്കി.

## 'സാധാരണക്കാരുടെ ട്രെയിനുകൾക്കും പാളങ്ങൾക്കും കേന്ദ്രത്തിന്റെ അവഗണന'

ന്യൂഡൽഹി: ഒഡിഷ ട്രെയിൻ അപകടവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനെയും റെയിൽവേ മന്ത്രിയേയും വിമർശിച്ച് സി.പി.ഐ നേതാവും എം.പിയുമായ ബിനോയ് വിശ്വം. ട്വിറ്ററിലൂടെയായിരുന്നു വിമർശനം. കേന്ദ്ര സർക്കാരിന്റെ പരിപൂർണ ശ്രദ്ധ ആഡംബര ട്രെയിനുകളിൽ മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. പാവപ്പെട്ടവർ യാത്ര ചെയ്യുന്ന സാധാരണ ട്രെയിനുകളും പാളങ്ങളും തുടർച്ചയായി അവഗണിക്കപ്പെടുകയാണ്. ആ അവഗണനയുടെ ഫലമാണ് ഒഡീഷയിലെ ട്രെയിൻ അപകടവും അവിടെ സംഭവിച്ച മരണങ്ങളും എന്നായിരുന്നു ബിനോയ് വിശ്വം ട്വീറ്റ് ചെയ്തത്.

# അരിക്കൊമ്പനുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ പങ്കുവച്ചാൽ നടപടി സ്വീകരിക്കും; തേനി ജില്ലാ കലക്ടർ ഷാജീവന

തോനി: അരിക്കൊമ്പനുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിൽ തെറ്റായ വിവരങ്ങൾ പങ്കുവച്ചാൽ നടപടി സ്വീകരിക്കുമെന്ന് തേനി ജില്ലാ കലക്ടർ ഷാജീവന. ആനയെ കാടിന് പുറത്തേക്ക് എത്തിക്കാൻ തമിഴ്നാട് അരിയും സാധനങ്ങളും വച്ചു കൊടുത്തു എന്നായിരുന്നു പ്രചാരണം. തമിഴ്നാട് വനംവകുപ്പ് അധികൃതർ പ്രചാരണം നിഷേധിച്ചു. ആന ജനവാസ മേഖലയിലേക്ക് എത്തുന്നുവെന്ന രീതിയിൽ തെറ്റായ വിവരങ്ങളും പലരും പങ്കുവയ്ക്കുന്നുണ്ട്. ഇതിനെ തുടർന്നാണ് തേനി കലക്ടറുടെ



ഉടപെടൽ.നിലവിൽ ഷണ്മുഖ നദി അണക്കെട്ട് ഭാഗത്തെ വനത്തിലാണ് ആനയുള്ളത്. സാറ്റ്ലൈറ് കോളർ സിഗ്നൽ അവസാനം ലഭിക്കുമ്പോൾ ഷണ്മുഖ നദി അണക്കെട്ട് ഭാഗത്തേക്കാണ് ആന സഞ്ചരിച്ചത്.

കഴിഞ്ഞ നാല് ദിവസമായി അരിക്കൊമ്പൻ ജനവാസ മേഖലയിലേക്ക് ഇറങ്ങിയിട്ടില്ല. ഇന്നലെ രാത്രി വനത്തിനുള്ളിൽ ഉള്ള തോട്ടത്തിൽ നിന്ന് പത്തോളം വാഴകൾ പറിച്ച് തിന്നിരുന്നു. ഉൾക്കാട്ടിലേക്ക് പോകുമെന്നാണ് വനംവകുപ്പിന്റെ കണക്കുകൂട്ടൽ. ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയാൻ ചുരുളിപ്പെട്ടി മുതൽ ചിന്നമനൂർ വരെ വനം വകുപ്പ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

# ജൂലൈ ഒന്ന് മുതൽ 200 യൂണിറ്റ് വൈദ്യുതി സൗജന്യം; വാഗ്ദാനം നൽകിയ അഞ്ച് ഗ്യാരന്റികളും നടപ്പാക്കും: സിദ്ധരാമയ്യ

ബംഗളൂരു: തെരഞ്ഞെടുപ്പിന് മുൻപ് വാഗ്ദാനം ചെയ്തത് നടപ്പാക്കുമെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. അഞ്ച് ഗ്യാരന്റികളാണ് പ്രഖ്യാപിച്ചിരുന്നത് അത് നടപ്പാക്കുമെന്ന് മന്ത്രിസഭായോഗത്തിന് ശേഷം അദ്ദേഹം പറഞ്ഞു. **ഗ്യാരന്റി 1:** ഗൃഹജ്യോതി- ആദ്യത്തെ 200 യൂണിറ്റ് സൗജന്യ വൈദ്യുതി എല്ലാ കുടുംബങ്ങൾക്കും വാഗ്ദാനം നടപ്പിലാക്കിത്തുടങ്ങുന്നത് ജൂലൈ 1 മുതൽ. 199 യൂണിറ്റ് വരെ മാത്രം ഉപയോഗിച്ചവർക്ക് ബില്ലുണ്ടാകില്ല.



**ഗ്യാരന്റി 2:** ഗൃഹലക്ഷ്മി- തൊഴിൽ രഹിതരായ എല്ലാ വീട്ടമ്മമാർക്കും 2000 രൂപ വീതം നൽകും, ഇതിനായി അപേക്ഷ നൽകണം, ആധാർ കാർഡും അക്കൗണ്ട് നമ്പറും സമർപ്പിക്കണം. ഓൺലൈനായും അപേക്ഷ നൽകാം. സമയം ജൂലൈ 10 വരെ. ഓഗസ്റ്റ് മുതൽ ധനസഹായം എത്തിത്തുടങ്ങും. ഓഗസ്റ്റ് 15-ന് ആദ്യഗഡു ധനസഹായം വീട്ടമ്മമാർക്ക് എത്തും.

ഇതിൽ ബി.പി.എൽ എ.പി.എൽ ഭേദമില്ല. തൊഴിൽരഹിതരായ എല്ലാ ഗൃഹനാഥമാർക്കുമാണ് ധനസഹായം ലഭിക്കുക. വിധവ പെൻഷനോ, വാർധക്യ പെൻഷനോ വാങ്ങുന്നവർക്ക് ധനസഹായം നിഷേധിക്കില്ല. എല്ലാ വിഭാഗങ്ങളിലെയും, മറ്റ് സഹായം ലഭിക്കുന്ന സ്ത്രീകൾക്കും ധനസഹായം കിട്ടും. **ഗ്യാരന്റി 3:** അന്നഭാഗ്യ- 10 കിലോ ആഹാരധാന്യം ബി.പി.എൽ കുടുംബങ്ങൾക്കും അന്ത്യോദയ കാർഡ് ഉടമകൾക്കും ജൂലൈ 1 മുതൽ വിതരണം തുടങ്ങും. **ഗ്യാരന്റി 4:** ശക്തി- എല്ലാ സ്ത്രീകൾക്കും വിദ്യാർഥികൾക്കുമുൾപ്പടെ സൗജന്യ കർണാടക ആർ.ടി.സി ബസ് യാത്ര. ജൂൺ 11 മുതൽ തുടങ്ങും. സംസ്ഥാനാന്തര യാത്രകൾക്ക് ബാധകമല്ല. രാജഹംസ അടക്കമുള്ള എസി ബസുകളിലടക്കം ഈ ആനുകൂല്യം ലഭിക്കും. പക്ഷേ സ്ലീപ്പർ ബസ്സുകളിൽ ഈ ആനുകൂല്യമുണ്ടാകില്ല. ബി.എം.ടി.സി ബസുകളിലും കർണാടക ആർ.ടിസി ബസുകളിലും ഈ ആനുകൂല്യമുണ്ടാകും. കർണാടക ആർടിസി ബസ്സുകളിൽ 50% സ്ത്രീസംവരണം നടപ്പാക്കും. ബി.എം.ടി.സി ബസുകളിൽ ഉണ്ടാകില്ല. **ഗ്യാരന്റി 5:** യുവനിധി- 2024 വരെ ഓരോ തൊഴിൽ രഹിതരായ ഗ്രാജ്വേറ്റ്സിനും 3000 രൂപ, ഡിപ്ലോമ ഹോൾഡർമാർക്ക് 1500 രൂപ. ഇത് ട്രാൻസ്ജെൻഡർമാർക്കും ലഭിക്കും.

## കർണാടക ഉപമുഖ്യമന്ത്രി യെദിയൂരപ്പയെ സന്ദർശിച്ചതിനെക്കുറിച്ച് രാഷ്ട്രീയ ഊഹാപോഹങ്ങൾ ശക്തം

ബംഗളൂരു: കർണാടക ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാർ മുൻ മുഖ്യമന്ത്രിയും ബി.ജെ.പി നേതാവുമായ യെദിയൂരപ്പയെ സന്ദർശിച്ചതിനെക്കുറിച്ച് രാഷ്ട്രീയ ഊഹാപോഹങ്ങൾ ശക്തമാകുന്നു. തന്നെ മുഖ്യമന്ത്രിസ്ഥാനത്തേക്ക് പരിഗണിക്കാതിരുന്നതിൽ കടുത്ത അസംതൃപ്തിയാണ് ഡി.കെ ശിവകുമാറിനുള്ളത്. ഉപമുഖ്യമന്ത്രിയാക്കിയപ്പോൾ ആഭ്യന്തര വകുപ്പ് ലഭിക്കുമെന്നം അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. എന്നാൽ മന്ത്രി സഭാ പുനഃസംഘടനയിൽ വകുപ്പുകൾ തിരുമാനിക്കാനുള്ള അവകാശം പൂർണമായും മുഖ്യമന്ത്രിക്ക് വിട്ടു കൊടുത്തതോടെ വലിയ അമർഷത്തിലാണ് ഡി.കെ ശിവകുമാർ.

ഈ സംഭവങ്ങൾക്ക് ശേഷം രാഹുൽ ഗാന്ധിയുമായി പ്രകടമായ അകൽച്ചയിലാണ് ഡി.കെ ശിവകുമാർ. ഇത് മനസിലാക്കിക്കൊണ്ട് ഡി.കെ ശിവകുമാറിനെ വരുതിയിൽ കൊണ്ടുവരാനുള്ള നീക്കങ്ങൾ ബി.ജെ.പി അതീവ തന്ത്രപരമായും രഹസ്യമായും നടത്തുന്നുണ്ട്. 2017ൽ ആദായനികുതിവകുപ്പും ഇഡിയും ഡികെയുടെ വസതികളിലും സ്ഥാപനങ്ങളിലും മൂന്നു ദിവസം തുടർച്ചയായി റെയ്ഡ് നടത്തിയിരുന്നു.

അതുമായി ബന്ധപ്പെട്ട ഒരു കേസിലാണ് അദ്ദേഹത്തിന് രണ്ട് മാസം തീഹാർ ജയിലിൽകിടക്കേണ്ടി വന്നത്. ഡി.കെ ശിവകുമാറുമായി വൈരാഗ്യമുള്ള കർണാടകയിലെ സീനിയർ ഐ.പി.എസ് ഉദ്യോഗസ്ഥൻ പ്രവീൺ സൂദിനെ കേന്ദ്രം സി.ബി.ഐ ഡയക്ടറാക്കിയത് ഇദ്ദേഹത്തെ വരുതിയിൽ കൊണ്ടുവരാനുള്ള നീക്കമാണെന്ന് വ്യാഖ്യാനിക്കുന്നുണ്ട്.

## ബി.ജെ.പി വിട്ട് സി.പി.എമ്മിലേക്ക് പ്രവേശിക്കാനൊരുങ്ങി സംവിധായകൻ രാജസേനൻ

തിരുവനന്തപുരം: സിനിമാ സംവിധായകൻ രാജസേനൻ ബി.ജെ.പി വിട്ട് സി.പി.എമ്മിലേക്ക് പ്രവേശിക്കാനൊരുങ്ങുന്നു. തിരുവനന്തപുരത്തെ എ.കെ.ജി സെന്ററിൽ സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനുമായി അദ്ദേഹം ഇന്ന് ചർച്ച നടത്തി. ഇന്ന് തന്നെ സി.പി.എം പ്രവേശനമുണ്ടാകും.

ബി.ജെ.പിയുടെ തെരഞ്ഞെടുപ്പിലെ സ്ഥാനാർഥിയായി രാജസേനൻ മത്സരിച്ചിരുന്നു. ബി.ജെ.പി സംസ്ഥാന നേതൃത്വം



അവഗണിച്ചെന്നാരോപിച്ചാണ് പാർട്ടി വിടുന്നത്. കലാകാരൻ എന്ന നിലയിലും പാർട്ടി പ്രവർത്തകൻ എന്ന നിലയിലും പരിഗണന കിട്ടിയില്ലെന്നും ഏറ്റവുമൊടുവിൽ സി.പി.എമ്മുമായി സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനമെടുക്കുകയായിരുന്നുവെന്നും രാജസേനൻ പറഞ്ഞു. കലാകാരന്മാർക്ക് കൂടുതൽ അവസരങ്ങൾ നൽകുന്ന പാർട്ടി സി.പി.എമ്മാണ്. ബി.ജെ.പിയുടെ സംസ്ഥാന ഘടകത്തിൽ ഏറെ പോരായ്മകളുണ്ട്, അവഗണന ആവർത്തിക്കപ്പെട്ടതോടെയാണ് രാജിയെന്നും ബി.ജെ.പി സംസ്ഥാന കമ്മിറ്റി അംഗത്വം ഇന്ന് രാജിവെക്കുമെന്നും രാജസേനൻ അറിയിച്ചു.




വടകര നഗരസഭ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നഗരസഭ സംഘടിപ്പിച്ച അനുമോദന സദസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മന്ത്രി എ.കെ ശശീന്ദ്രൻ

# രാജ്യദ്രോഹക്കുറ്റം വകുപ്പ് നിലനിർത്തണമെന്ന് ദേശീയ നിയമ കമ്മീഷന്റെ ശുപാർശ

ന്യൂഡൽഹി: രാജ്യദ്യോഹക്കുറ്റം വ്യവസ്ഥ ചെയ്യുന്ന ഇന്ത്യൻ ശിക്ഷാ നിയമം നിലനിർത്തണമെന്ന് ദേശീയ നിയമ കമ്മീഷൻ. രാജ്യദ്രോഹക്കുറ്റം വ്യവസ്ഥ ചെയ്യുന്ന നിയമമായ 124 എ നിയമം നിലനിർത്തണമെന്നും കാലോചിതമായ ഭേദഗതികൾ കൊണ്ടുവരണമെന്നും 22ാമത് കമ്മീഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു. നിയമം നിലനിർത്തേണ്ടതുണ്ടോ എന്ന കാര്യം പുനഃപരിശോധിക്കുമെന്ന് കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ചില മാറ്റങ്ങളോടെ നിയമം നിലനിർത്തണമെന്നാണ് 22ാം നിയമന കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. കൊളോണിയൽ ഭരണകാലത്തെ നിയമമെന്ന നിലയിലല്ല 124 എ വകുപ്പ് ഭേദഗതി ചെയ്യേണ്ടത്.

നിയമത്തിന്റെ ദുരുപയോഗം തടയേണ്ടതുണ്ട്. ഇതിനുള്ള നിർദേശങ്ങൾ കേന്ദ്ര സർക്കാർ നൽകണം. 1973 ലെ ക്രിമിനൽ നടപടി ചട്ടത്തിലെ 196(3), 154 എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസ്ഥ ഉൾപ്പെടുത്താം. ഈ സാഹചര്യം ഐ.പി.സി 124 എ വകുപ്പ് പ്രകാരമുള്ള എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിന് മുൻപ കുറ്റാരോപിതർക്ക് ആവശ്യമായ സംരക്ഷണം ലഭിക്കാൻ അവസരം ഉണ്ടാക്കുമെന്നും കമ്മിഷൻ ചെയർമാൻ ജസ്റ്റിസ് ഋതുരാജ് അവസ്തി നിയമമന്ത്രി അർജുൻ റാം മേഘ്വാളിന് അയച്ച കത്തിൽ ചൂണ്ടിക്കാട്ടുന്നു.

ഏറ്റവും കുറഞ്ഞ ശിക്ഷ നിലവിൽ മൂന്ന് വർഷമാണ്. ഇത് ഏഴ് വർഷമാക്കണം. പരമാവധി ശിക്ഷ ജീവപര്യന്തമായി നിലനിർത്തണം. പഴ ശിക്ഷയും വേണമെന്നും ശുപാർശയുണ്ട്. പ്രാഥമിക അന്വേഷണം പൂർത്തിയാക്കിയ ശേഷമേ കേസിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. നിയമം നടപ്പാക്കുന്നതിന് വ്യക്തമായ മാർഗനിർദേശം വേണമെന്നും കമ്മീഷൻ റിപ്പോർട്ടിൽ നിർദേശിക്കുന്നു. മറ്റു രാജ്യങ്ങൾ നിയമം റദ്ദാക്കിയത് കൊണ്ട് ഇന്ത്യയിൽ നിയമം റദ്ദാക്കണമെന്ന് പറയുന്നത് നിലവിലുള്ള യാഥാർഥ്യങ്ങൾക്ക് നേരെ കണ്ണടയ്ക്കുന്നതാണെന്നും കമ്മീഷൻ വ്യക്തമാക്കുന്നു.കഴിഞ്ഞ വർഷം മേയിൽ വകുപ്പിന്റെ പുനഃപരിശോധനയിൽ തീരുമാനമാകുംവരെ 124എ വകുപ്പ് പ്രകാരം രാജ്യദ്രോഹക്കുറ്റം ചുമത്തി കേസെടുക്കുന്നത് കോടതി തടഞ്ഞിരുന്നു. 124എ നിലനിർത്തണോ വേണ്ടയോ എന്നതിൽ ബന്ധപ്പെട്ട സമിതികൾ തീരുമാനമെടുക്കുംവരെ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരുകളോ ഈ വകുപ്പ് ചുമത്തി കേസെടുക്കരുതെന്നായിരുന്നു സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ്.

## ഇന്നത്തെ വന്ദേഭാരത് ഉദ്ഘാടനം റദ്ദാക്കി പ്രധാനമന്ത്രി

ന്യൂഡൽഹി: ഇന്ന് നടത്താനിരുന്ന വന്ദേഭാരത് എക്സ്പ്രസിന്റെ ട്രെയിൻ ഫ്ളാഗ് ഓഫ് റദ്ദാക്കി. ഒഡീഷയിലെ ബാലസോറിലെ ട്രെയിൻ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് ഉദ്ഘാടനം റദ്ദാക്കിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ട്രെയിൻ ഫ്ളാഗ് ഓഫ് ചെയ്യേണ്ടിയിരുന്നത്. വലിയ ചടങ്ങാണ് നിശ്ചയിച്ചിരുന്നത്. എല്ലാ സംസ്ഥാനങ്ങളും വന്ദേ ഭാരത് ട്രെയിനുകളുടെ പരിധിയിൽ വരുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അവകാശപ്പെട്ടിരുന്നു.

നിലവിലെ സാഹചര്യത്തിൽ ഗോവ-മുംബൈ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനിന്റെ ഫ്ളാഗ് ഓഫ് ചടങ്ങ് തൽക്കാലം റദ്ദാക്കിയിരിക്കുകയാണെന്നും ഫ്ളാഗ് ഓഫ് ചടങ്ങ് നടക്കുമോ അതോ മഡ്ഗാവിൽ ഉദ്ഘാടന ചടങ്ങില്ലാതെ പുറപ്പെടുമോ എന്ന കാര്യത്തിൽ വ്യക്തതയില്ലെന്നും മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു. ശനിയാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്ത ശേഷം രാവിലെ 10.45നായിരുന്നു ട്രെയിൻ ഷെഡ്യൂൾ ചെയ്തിരുന്നത്.

വെള്ളിയാഴ്ച ട്രയൽ റൺ നടത്തുകയും മഡ്ഗാവ് സ്റ്റേഷനിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവർത്തനങ്ങൾ പരിശോധിക്കുകയും ചെയ്തു. സി.എം.സി.ടി, ദാദർ, താനെ, പൻവേൽ, ഖേഡ്, രത്നഗിരി, കങ്കാവലി, തിവിം, മഡ്ഗാവ് സ്റ്റേഷനുകളിൽ നിർത്തി ഏഴ് മണിക്കൂറും 50 മിനിറ്റും കൊണ്ട് മഡ്ഗാവ്-മുംബൈ യാത്ര പൂർത്തിയാക്കും. ആഴ്ചയിൽ ആറ് ദിവസമാണ് സർവീസ് നിശ്ചയിച്ചിരിക്കുന്നത്.

# 201 കുട്ടികൾക്ക് പഠനോപകരണ കിറ്റുകൾ നൽകി ദയ ചാരിറ്റബിൾ ട്രസ്റ്റ്



വെള്ളിപറമ്പ് ദയ ചാരിറ്റബിൾ ട്രസ്റ്റിന്റെ പതിനാലാമത് പാനോപകരണ കിറ്റ് വിതരണത്തിൽ നിന്ന്

കുറ്റിക്കാട്ടൂർ: വിദ്യാർഥികൾക്ക് കൈത്താങ്ങായി ദയ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉപഹാരം. വിവിധ സ്കൂളുകളിൽ പഠിക്കുന്ന 201 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു . വെള്ളിപറമ്പ് ദയ ചാരിറ്റബിൾ ട്രസ്റ്റിന്റെ പതിനാലാമത് പഠനോപകരണ കിറ്റ് വിതരണമാണ് കുറ്റിക്കാട്ടൂരിൽ നടന്നത് .

ചടങ്ങ് റിട്ട.ജഡ്ജ് കൃഷ്ണൻ കുട്ടി പയിമ്പ്ര ഉദ്ഘാടനം ചെയ്തു. പോലിസ് സേനയിൽ 25 വർഷം പൂർത്തിയാക്കിയ പ്രശസ്ത മോട്ടിവേറ്റർ കോഴിക്കോട് സിറ്റി അസി.സബ് ഇൻസ്പെക്ടർ അബ്ദുള്ള മാങ്ങാട്ട് , കേരള മീഡിയ അക്കാദമി മാധ്യമ ഫെലോഷിപ്പ് നേടിയ ബഷീർ കൊടിയത്തൂർ എന്നിവരെ ആദരിച്ചു. ചടങ്ങിൽ വിവാഹ ധനസഹായം , ഭിന്നശേഷി രോഗികൾക്കുള്ള ചികിത്സാ ധനസഹായം എന്നിവ വിതരണം ചെയ്തു. 'തിരിച്ചറിയേണ്ട യുവത' എന്ന വിഷയത്തിൽ പ്രശസ്ത മോട്ടിവേറ്റർ അബ്ദുള്ള മാങ്ങാട്ട് ക്ലാസെടുത്തു. ട്രഷറർ കെ.ബഷീർ സ്വാഗതം പറഞ്ഞു. മാനേജിംഗ് ട്രസ്റ്റി മൊയ്തീൻകോയ വി.പി അധ്യക്ഷത വഹിച്ചു. കൃഷ്ണൻ തുഷാര , എസ്.എച്ച്.ആർ മനുഷ്യാവകാശ പ്രവർത്തകൻ മുജീബ് റഹ്മാൻ വയനാട് ,രാംദാസ് വേങ്ങേരി സംസാരിച്ചു .തുടർന്ന് കലാപരിപാടികൾ അരങ്ങേറി . കോഴിക്കോട് കടപ്പുറത്ത് നടന്ന പഠനോപകരണ വിതരണത്തിന് മാനേജിംഗ് ട്രസ്റ്റി മോയ്തീൻ കോയ വി.പി , ട്രഷറർ കെ. ബഷീർ , റഹീദ. ടി, ഹസീന കെ.പി, സക്കീർ.കെ, വാഹിദ്.എം, ,കുഞ്ഞാമിന.എ, ഷെറീന കക്കോടി ,സൈഫുന്നീസ.ടി എന്നിവർ നേതൃത്വം നൽകി.

# പിണറായി വിജയൻ ഉമ്മൻ ചാണ്ടിയെ കണ്ടുപഠിക്കണം: കെ. പി. സി. സി പ്രസിഡന്റ് കെ. സുധാകരൻ



തിരുവനന്തപുരം: അടിസ്ഥാനവർഗത്തിന്റെ നേതാവായി അവകാശപ്പെടുന്ന പിണറായി വിജയൻ ഉമ്മൻ ചാണ്ടിയെ കണ്ടുപഠിക്കണമെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ. ആഡംബരത്തിന്റെയും പൊങ്ങച്ചത്തിന്റെയും പ്രതീകമായ പ്രാഞ്ചിയേട്ടനെപ്പോലെ മുഖ്യമന്ത്രി പിണറായി വിജയൻ മാറിയതുമൂലമാണ് അമേരിക്കയിൽ അദ്ദേഹത്തോടൊപ്പമിരിക്കാൻ രണ്ടു കോടിയിലധികം രൂപ ഈടാക്കുന്നതെന്നും സുധാകരൻ പറഞ്ഞു. ലളിത ജീവിതവും ഉയർന്ന ചിന്തയും ഉയർത്തിപ്പിടിച്ച കേരളത്തിലെ ഒരു മുഖ്യമന്ത്രിയും ഇങ്ങനെയൊരു സാഹചര്യം ഉണ്ടാകാൻ അനുവദിച്ചിട്ടില്ല. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മടിയിൽവരെ സാധാരണക്കാരായ ആളുകൾ കയറിയിരുന്ന ചരിത്രമാണുള്ളത്. പ്രവാസികളോട് അങ്ങേയറ്റം ആദരവുള്ള പ്രസ്ഥാനമാണ് കോൺഗ്രസ്. എന്നാൽ, പ്രവാസികളിലെ ഏതാനും സമ്പന്നന്മാർ പിണറായി ഭക്തിമൂത്ത് കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളോടാണ് എതിർപ്പുള്ളത്. പ്രവാസി സമൂഹത്തിലെ സാധാരണക്കാരുടെ ഇടയിലും വലിയ എതിർപ്പാണുള്ളത്. ലോക കേരളസഭ മൊത്തത്തിലൊരു പ്രാഞ്ചിയേട്ടൻ പരിപാടിയായി മാറുകയും സാധാരണ പ്രവാസിയുടെ സാന്നിധ്യം അതിൽ ഇല്ലാതെ വരികയും ചെയ്തപ്പോഴാണ് കോൺഗ്രസ് മാറി നിന്നതെന്നും സുധാകരൻ ചൂണ്ടികാട്ടി.

കേരളത്തിനും പ്രവാസികൾക്കും എന്തു നേട്ടമാണ് ഈ പ്രസ്ഥാനംകൊണ്ട് ഉണ്ടായതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. പ്രവാസികൾക്ക് നാണക്കേടുണ്ടാക്കുന്ന കെട്ടുകാഴ്ചയായി മാറിയ ലോകകേരളസഭ ഈ രീതിയിൽ തുടരണോയെന്നും പുനർവിചിന്തനം ചെയ്യണമെന്നും സുധാകരൻ ആവശ്യപ്പെട്ടു.ന്യൂയോർക്കിൽ നടക്കുന്ന പരിപാടിയുടെ ചെലവ് അവിടെയുള്ള പ്രവാസികളാണ് വഹിക്കുന്നതെങ്കിലും ഇവിടെനിന്ന് പോകുന്ന മുഖ്യമന്ത്രിയുടെയും മന്ത്രി സംഘത്തിന്റെയും ഉദ്യോഗസ്ഥവൃന്ദത്തിന്റെയും ചെലവ് ജനങ്ങളാണ് വഹിക്കുന്നത്. വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കേരളം കടന്നുപോകുമ്പോൾ ഇത്തരം ധൂർത്ത് സാധാരണക്കാർക്ക് താങ്ങാവുന്നതിലധികമാണ്. മുഖ്യമന്ത്രിയുടെ ആഡംബരത്തിനും ധൂർത്തിനും അലങ്കാരമായി ലോകകേരളസഭ മാറിയിരിക്കുന്നു. ലോകകേരള സഭയുടെ സമ്മേളനത്തിൽനിന്ന് മുഖ്യമന്ത്രിയും സംഘവും പിന്മാറണമെന്ന് സുധാകരൻ ആവശ്യപ്പെട്ടു.





1. കാർഗിൽ രക്തസാക്ഷി ക്യാപ്റ്റൻ പി.വി വിക്രമിന് ആദരാഞ്ജലികൾ അർപ്പിക്കാനെത്തിയ പിതാവ് ലഫ്.കേണൽ പി.കെ.പി.വി പണിക്കരും മാതാവ് കല്യാണി പണിക്കരും 2. റോട്ടറി കാലിക്കറ്റ് മിഡ്ടൗൺ ഭാരവാഹികളും എൻ.സി.സി കേഡറ്റുകളും കേന്ദ്രീയ വിദ്യാലയത്തിലെ വിദ്യാർഥികളും ആദരാഞ്ജലി അർപ്പിച്ചപ്പോൾ

# ക്യാപ്റ്റൻ പി. വി വിക്രമിന് ആദരാഞ്ജലികൾ അർപ്പിച്ചു

കോഴിക്കോട്: കാർഗിൽ രക്തസാക്ഷി ക്യാപ്റ്റൻ പി.വി വിക്രമിന് ആദരാഞ്ജലികൾ അർപ്പിച്ചു. കോഴിക്കോട് ഈസ്റ്റ്ഹിൽ കേന്ദ്രീയ വിദ്യാലയത്തിൽ റോട്ടറി കാലിക്കറ്റ് മിഡ്ടൗൺ, എൻ.സി.സി ഗ്രൂപ്പ്, കോഴിക്കോട് കേന്ദ്രീയ വിദ്യാലയം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. വിക്രമിന്റെ മാതാപിതാക്കളായ ലഫ്.കേണൽ പി.കെ.പി.വി പണിക്കർ, കല്യാണി പണിക്കർ എന്നിവർപുഷ്പാർച്ചന നടത്തി. കോഴിക്കോട് ആസ്ഥാനമായ എൻ.സി.സി ഗ്രൂപ്പിലെ എൻ.സി.സി കേഡറ്റുകളും കേന്ദ്രീയ വിദ്യാലയത്തിലെ വിദ്യാർഥികളും ആദരാഞ്ജലി അർപ്പിച്ചു. റോട്ടറി കാലിക്കറ്റ് മിഡ്ടൗൺ പ്രസിഡന്റ് കെ.വി ശ്രീജേഷ് അധ്യക്ഷത വഹിച്ചു. പബ്ലിക് ഇമേജ് ചെയർ ആർ.ജയന്ത് കുമാർ , കൗൺസിലർ എൻ.ശിവപ്രസാദ്, കെ.പി ബാബു, കേന്ദ്രീയ വിദ്യാലയ പ്രിൻസിപ്പാൾ കേണൽ ശ്രീജിത്ത് വാരിയർ , കേണൽ അഭിനവ് കുമാർ, കമാൻഡിംഗ് ഓഫീസർ ജിഗിൽ കുമാർ, സുബേദാർ വി.അനീഷ് കുമാർ, റിട്ട. ക്യാപ്റ്റൻ ദിനകരൻ എന്നിവർ പുഷ്പാർച്ചന നടത്തി സംസാരിച്ചു.

# മർകസ് ഇഹ്യാഉസ്സുന്നക്ക് നവ സാരഥികൾ



സയ്യിദ് അഹ്മദ് ജമലുല്ലൈലി, ഹാഫിള് ശറഫുദ്ദീൻ അണ്ടോണ, ശഫീഖ് കൈതപ്പൊയിൽ

കാരന്തൂർ: ജാമിഅഃ മർകസ് വിദ്യാർഥി യൂണിയൻ ഇഹ്യാഉസ്സുന്നക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പുനഃസംഘടനാ ജനറൽബോഡിയിൽ മർകസ് ഫൗണ്ടർ ചാൻസിലർ കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ പുതിയ നേതൃത്വത്തെ പ്രഖ്യാപിച്ചു. വിജ്ഞാനവും സേവനവും വിദ്യാർഥി ജീവിതത്തിന്റെ പ്രമേയമാവണമെന്ന് കാന്തപുരം അഭിപ്രായപ്പെട്ടു. വിദ്യാർഥികളുടെ കലാ-സാഹിത്യ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും ഗവേഷണത്തിനും ഉന്നത വിഭ്യാഭ്യാസത്തിനും പ്രേരിപ്പിക്കുന്നതിനുമായി ഒട്ടേറെ കർമപരിപാടികളാണ് യൂണിയൻ ആവിഷ്കരിച്ചിട്ടുള്ളത്. അശരണരെ ചേർത്തുപിടിക്കുക എന്ന മർകസിന്റെ സന്ദേശമുൾക്കൊണ്ട് വിവിധ സാമൂഹ്യക്ഷേമ പദ്ധതികളും നടപ്പിലാക്കുന്നു. പുനഃസംഘടനായോഗം സയ്യിദ് ശിഹാബുദ്ദീൻ ജീലാനിയുടെ അധ്യക്ഷതയിൽ വി.പി.എം ഫൈസി വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. സഫ്വാൻ കോട്ടക്കൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഹാഫിള് ശറഫുദ്ദീൻ അണ്ടോണ നന്ദി പറഞ്ഞു. ഭാരവാഹികൾ: സയ്യിദ് അഹ്മദ് ജമലുല്ലൈലി(പ്രസിഡന്റ്), ഹാഫിള് ശറഫുദ്ദീൻ അണ്ടോണ(ജനറൽ സെക്രട്ടറി), ശഫീഖ് കൈതപ്പൊയിൽ(ഫൈനാൻസ് സെക്രട്ടറി), യാസിർ കുറ്റിക്കടവ്, മുഹമ്മദ് ടി.സി ആക്കോട്, ഉമൈർ പറവൂർ, അജ്‌ലാൻ സുൽത്താൻ ബത്തേരി, ഗസ്സാലി കോടമ്പുഴ, ഹസൻ അലി പറപ്പൂർ, അഹ്മദ് ഇർശാദ് കക്കിഞ്ച, സുഫിയാൻ മഹാരാഷ്ട്ര, താജുദ്ദീൻ കട്ടിപ്പാറ(സെക്രട്ടറിമാർ), റഊസ് കരുവാരക്കുണ്ട്, ഹാഫിള് സ്വഫ്വാൻ ഇന്ത്യനൂർ, ശുഹൈബ് ചേളാരി(അംഗങ്ങൾ).

# സ്വകാര്യ ബസ് വ്യവസായം നിലനിൽപിനായുള്ള പോരാട്ടത്തിനിറങ്ങുകയാണെന്ന് ഉടമസ്ഥ സംഘടന



തലശ്ശേരി: സംസ്ഥാനത്തെ സ്വകാര്യ ബസ് വ്യവസായം നിലനിൽപിനായുള്ള പോരാട്ടത്തിനിറങ്ങുകയാണെന്നും ഈ സന്ദർഭത്തിൽ പൊതുജനങ്ങളുടെ സഹകരണം ഉണ്ടാവണമെന്നും തലശ്ശേരി പ്രൈവറ്റ് ബസ് ഓപറേറ്റേഴ്സ് അസോസിയേഷൻ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അഭ്യർത്ഥിച്ചു. സംസ്ഥാനമാകെ നേരത്തെ 34000 ത്തോളം സ്വകാര്യ ബസുകൾ സർവീസ് നടത്തിയിരുന്നു. പ്രതിസന്ധികൾ ഒന്നിന് പിറകെ ഒന്നായി വേട്ടയാടിയതോടെ പലരും ഈ വ്യവസായത്തിൽ നിന്ന് പിന്മാറി. 7000 ത്തോളം ബസുകളാണ് ഇപ്പോൾ കേരളത്തിൽ ഓടുന്നത്. അടിക്കടി ഉണ്ടാവുന്ന ഡീസൽ , സ്പേർപാർട്സ് വില വർധനവ് കാരണം കനത്ത സാമ്പത്തിക ബാധ്യതയാണ് ഇപ്പോൾ സ്വകാര്യ ബസുടമകൾ വഹിക്കേണ്ടി വരുന്നത്. ദീർഘദൂര റൂട്ടിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നിഷേധിക്കുന്നതും വിദ്യാർഥികളുടെ യാത്രാ ഇളവ് നിരക്കിൽ മാറ്റം വരുത്താത്തതും അംഗീകരിക്കാനാവില്ലെന്ന് ഭാരവാഹികൾ പറഞ്ഞു. സ്വകാര്യ ബസ് വ്യവസായം സംരക്ഷിക്കുന്നതിനെ കുറിച്ച് പഠിക്കാൻ പ്രത്യേക സമിതിയിയെ നിയോഗിക്കണമെന്നും, ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും ബസുകൾ ഓട്ടം നിർത്തിവച്ചുള്ള സമരം നടത്താൻ ഇപ്പോൾ തീരുമാനിച്ചിട്ടില്ലെന്നും പകരം ആവശ്യങ്ങളുടെ പ്രാധാന്യവും ഗുരുതര സ്വഭാവവും സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താൻ ഫെഡറേഷൻ പ്രസിഡന്റ് കെ.കെ തോമസ് തിങ്കളാഴ്ച (ജൂൺ 5 ) മുതൽ സെക്രട്ടറിയേറ്റ് നടയിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തുമെന്നും ഭാരവാഹികളായ കെ. വേലായുധൻ, കെ. ഗംഗാധരൻ, ടി.പി. പ്രേമനാഥൻ, കെ. ദയാനന്ദൻ, കെ. പ്രേമാനന്ദൻ എന്നിവർ പറഞ്ഞു.

# ഉത്സവമായി നാദാപുരം ബി. ആർ. സി പ്രവേശനോത്സവം



നാദാപുരം ബി.ആർ.സി പ്രവേശനോത്സവത്തിൽ നിന്ന്

നാദാപുരം: ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രത്യേക കഴിവുള്ള കുട്ടികളുടെ സ്കൂളായ ബി.ആർ.സി ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിൽ പ്രവേശനോത്സവം സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിങ് ചെയർപേഴ്സൺ ജനീത ഫിർദൗസ് അധ്യക്ഷത വഹിച്ചു. സ്വാഗത ഗാനം കുട്ടികൾ ആലപിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖില മര്യാട്ട് , സ്ഥിരം സമിതി അധ്യക്ഷൻമാരായ സി.കെ നാസർ , എം.സി സുബൈർ , പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽഹമീദ്, അസിസ്റ്റന്റ് സെക്രട്ടറി ടി.പ്രേമാനന്ദൻ സാമൂഹ്യപ്രവർത്തകൻ അനുപാട്യംസ്, മെമ്പർമാരായ അബ്ബാസ് കാണേക്കൽ, പി.പി ബാലകൃഷ്ണൻ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ പി.പി റീജ , അക്കൗണ്ടന്റ് കെ.സിനിഷ ബഡ്സ് സ്കൂൾ ടീച്ചർ പി.ടി.കെ ആയിഷ, ഹെൽപ്പർ പി.ടി.കെ കെ.ശാന്ത എന്നിവർ സംസാരിച്ചു. മൂന്നു പെൺകുട്ടികളും 16 ആൺകുട്ടികളും അടക്കം ആകെ 19 കുട്ടികൾക്ക് പഞ്ചായത്തിന്റെ സ്നേഹസമ്മാനം പ്രസിഡന്റ് വി.വി മുഹമ്മദലി വിതരണം ചെയ്തു.

# 'പുരാതന കാലത്ത് കേരളം ശുചിത്വത്തിലും സഹവർത്തിത്വത്തിലും മുൻപന്തിയിലായിരുന്നു'



കേരള നദീസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പള്ളിക്കണ്ടി കടപ്പുറം ശുചീകരണ പ്രവർത്തിയുടെ ഉദ്ഘാടനം നിർവഹിച്ചശേഷം സംസാരിക്കുന്ന എൽ.എസ്.ജി.ഡി ജോയന്റ് ഡയരക്ടർ പി.ടി പ്രസാദ്

കോഴിക്കോട്: പുരാതന കാലത്ത് കേരളം ശുചിത്വത്തിലും സഹവർത്തിത്വത്തിലും മുൻപന്തിയാലായിരുന്നുവെന്നും ശുചിത്വത്തിലെ നേതൃത്വപരമായ പങ്ക് കേരളം സമ്പൂർണ ശുചിത്വ സംസ്ഥാനമായി മാറുന്നതോടെ തിരിച്ച് പിടിക്കാൻ സാധിക്കണമെന്നും, മഴക്കാലപൂർവ്വ ശുചിത്വ പ്രവർത്തനം മൂലം ഇത് കൈവരിക്കാനായുള്ള പ്രാഥമിക പ്രവർത്തനമാണെന്നും എൽ.എസ്.ജി.ഡി ജോയന്റ് ഡയരക്ടർ പി.ടി പ്രസാദ് പറഞ്ഞു. കേരള നദീസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പള്ളിക്കണ്ടി കടപ്പുറം ശുചീകരണ പ്രവർത്തി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലിക്കറ്റ് ഗേൾസ് എച്ച്.എസ്.എസിലേയും ഗവ.എച്ച്.എസ് ആഴ്ചവട്ടത്തിലേയും എൻ.എസ്.എസ് വളണ്ടിയാർമാരും പരിസ്ഥിതി പ്രവർത്തകരും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായി.കേരള നദീസംരക്ഷണ സമിതി മുൻ ജനറൽ സെക്രട്ടറി ടി.വി.രാജൻ അധ്യക്ഷത വഹിച്ചു. ജില്ലാ കോ-ഓർഡിനേറ്റർ മണലിൽ മോഹനൻ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. പി.എ ആസാദ്, കേരള നദീസംരക്ഷണ സമിതി ജില്ലാ അധ്യക്ഷ പി.കെ.രമാദേവി, സി.പി. അബ്ദു റഹിമാൻ, പി.കെ.ശശീധരൻ, മഠത്തിൽ അബ്ദുൾ അസീസ്, പി.ടി.മുഹമ്മദ് കോയ, സഖറിയ പള്ളിക്കണ്ടി, സുബീഷ് ഇല്ലത്ത്, സി. റമീഷ തുടങ്ങിയവർ സംസാരിച്ചു. ശബരി മുണ്ടക്കൽ, കെ.പി.അബ്ദുൾ ലത്തീഫ്, ശ്രീധരൻ എലത്തൂർ, കെ. ഉഷാദേവി, തുടങ്ങിയവർ നേതൃത്വം നൽകി.

# ചരിത്രം മാറ്റിയെഴുതുന്നതാണ് ഫാഷിസത്തിന്റെ ചരിത്രം: ഡോ. ഹുസൈൻ മടവൂർ




ചെർക്കള സലഫീ മദ്റസ കെട്ടിടോദ്ഘാടനത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഡോ.ഹുസൈൻ മടവൂർ

കാസർകോട്: ചരിത്രം മാറ്റിയെഴുതി തങ്ങൾക്കനുകൂലമായ ചരിത്രം രചിക്കുകയാണ് ഫാഷിസത്തിന്റെ രീതിയെന്ന് കെ.എൻ.എം സംസ്ഥാന ഉപാധ്യക്ഷൻ ഡോ.ഹുസൈൻ മടവൂർ പറഞ്ഞു. ചെർക്കള സലഫീ മദ്റസ കെട്ടിടോദ്ഘാടനത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ മതനിരപേക്ഷതയുടെ പിതാവായ ഗാന്ധിജിയെ മാറ്റി തൽസ്ഥാനത്ത് സവർക്കറെ സ്ഥാപിക്കാനുള്ള ശ്രമം ചരിത്രത്തോടുള്ള ക്രൂരതയാണ്. കേന്ദ്ര സർവകലാശാലകളിലെ സിലബസ്സിൽ നിന്ന് അല്ലാമാ ഇഖ്ബാലിന്റെ ചരിത്രവും അംബേദ്കറിനെക്കുറിച്ചുള്ള പ്രത്യേക പഠനവും ഒഴിവാക്കിയത് പ്രതിഷേധാർഹമാണ്. മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായ ജീവിതം നയിക്കാൻ ജനങ്ങളെ പഠിപ്പിക്കുകയാണ് മതനേതൃത്വം ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ആമു എവറസ്റ്റ് അധ്യക്ഷത വഹിച്ചു മുഹമ്മദലി റെഡ്‌വുഡ് മക്കാർ, മാസ്റ്റർ ജലീൽ തളങ്കര എന്നിവർ ആശംസകൾ നേർന്നു. മുഹമ്മദ് കുഞ്ഞി മാസ്തിക്കുണ്ട് സ്വാഗതവും അബ്ദുറഹ്മാൻ പാണലം നന്ദിയും പറഞ്ഞു. നേരത്തെ നടന്ന പഠന ക്യാമ്പയിൽ ഉനൈസ് പാപ്പിനശ്ശേരി, സാബിഖ് പുല്ലൂർ, മുജീബുറഹ്മാൻ മൗലവി, മുഹമ്മദലി സലഫി എന്നിവർ ക്ലാസെടുത്തു.

# എയർ ഇന്ത്യ എക്സ്പ്രസിന്റെ ഹജ്ജ് ഫ്ളൈറ്റ് സർവീസുകൾ നാലിന് ആരംഭിക്കും




കോഴിക്കോട്: ഇന്ത്യയിലെ ആദ്യ അന്താരാഷ്ട്ര ബജറ്റ് എയർലൈനായ എയർ ഇന്ത്യ എക്സ്പ്രസ് (എ.ഐ.എക്സ്.എൽ) ജൂൺ നാലിന് കണ്ണൂരിൽ നിന്നും കോഴിക്കോട് നിന്നും സർക്കാർ ഹജ്ജ് ചാർട്ടർ സർവീസുകൾ ആരംഭിക്കും. ഇതാദ്യമായാണ് എയർലൈൻ ഹജ്ജ് സർവീസ് നടത്തുന്നത്. കണ്ണൂരിൽ നിന്നുള്ള ആദ്യ ഹജ്ജ് വിമാനമായ ഐ.എക്സ് 3027 ഇന്ത്യൻ സമയം പുലർച്ചെ 1:45ന് പുറപ്പെട്ട് പ്രാദേശിക സമയം പുലർച്ചെ 5:45 ന് ജിദ്ദയിലെത്തും. ക്യാബിൻ ക്രൂ അംഗങ്ങളായ പ്രവീൺ നായിക്, ദീപക് വർമ, സച്ചിൻ കുമാർ, മോണിക്ക ദത്ത എന്നിവർക്കൊപ്പം ക്യാപ്റ്റൻ ഉജ്ജ്വൽ മെഹ്ന, ഫസ്റ്റ് ഓഫീസർ സങ്കേത് അബറാവോ കോമത്വാർ എന്നിവരാകും വിമാന സർവീസ് നിയന്ത്രിക്കുക. കോഴിക്കോട്ടുനിന്ന് ജിദ്ദയിലേക്കുള്ള ആദ്യ ഹജ്ജ് വിമാനം ഐ.എക്സ് 3031 ഇന്ത്യൻ സമയം പുലർച്ചെ 4.25ന് പുറപ്പെട്ട് പ്രാദേശിക സമയം രാവിലെ 8.25ന് ജിദ്ദയിലെത്തും. ക്യാപ്റ്റൻ നവദീപ് സിംഗ്, ഫസ്റ്റ് ഓഫീസർ പ്രതീക് ഷെഖാവത്ത്, ക്യാബിൻ ക്രൂ അംഗങ്ങളായ സഞ്ജീത് കുമാർ.എം, ഹർഷിത മണിഹാർ, കങ്കണ ചൗധരി, മോനിഷ.ആർ എന്നിവരാണ് സർവീസ് നിയന്ത്രിക്കുക.

രണ്ട് ഘട്ടങ്ങളിലായാണ് സർക്കാർ ഹജ്ജ് ചാർട്ടറുകൾ നടപ്പാക്കുക. ആദ്യ ഘട്ടത്തിൽ എയർ ഇന്ത്യ എക്സ്പ്രസ് കോഴിക്കോട് നിന്ന് ജിദ്ദയിലേക്ക് 44 വിമാനങ്ങളും കണ്ണൂരിൽ നിന്ന് ജിദ്ദയിലേക്ക് 13 വിമാനങ്ങളും സർവീസ് നടത്തും. 8236 ഹജ്ജ് തീർത്ഥാടകരെ ജിദ്ദയിലെത്തിക്കും. രണ്ടാം ഘട്ടത്തിൽ മദീനയിൽ നിന്ന് കോഴിക്കോട്ടേക്ക് 44 വിമാനങ്ങളും മദീനയിൽ നിന്ന് കണ്ണൂരിലേക്ക് 13 വിമാനങ്ങളും സർവീസ് നടത്തും. തടസ്സമില്ലാത്ത യാത്രാ അനുഭവം ഉറപ്പാക്കാൻ എയർ ഇന്ത്യ എക്സ്പ്രസ് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം, ജിദ്ദയിലെ കിംഗ് അബ്ദുൽ അസീസ് അന്താരാഷ്ട്ര വിമാനത്താവളം, മദീനയിലെ പ്രിൻസ് മുഹമ്മദ് ബിൻ അബ്ദുൽ അസീസ് അന്താരാഷ്ട്ര വിമാനത്താവളം എന്നിവിടങ്ങളിൽ എയർ ഇന്ത്യ എക്സ്പ്രസ് എയർപോർട്ട് സർവീസ് ഓഫീസർമാരെയും ഹജ്ജ് കമ്മിറ്റി പ്രതിനിധികളെയും വിന്യസിച്ച് തുടർച്ചയായ സഹായവും പിന്തുണയും നൽകും.

പ്രായമായ തീർഥാടകർക്ക് അവരുടെ ബോർഡിംഗ് പാസുകൾ കൈവശം വയ്ക്കാൻ എയർലൈൻ കളർ കോഡുള്ള പൗച്ചുകളും എളുപ്പത്തിൽ തിരിച്ചറിയുന്നതിനും ബാഗേജ് തെറ്റായി കൈകാര്യം ചെയ്യുന്നത് തടയുന്നതിനുമായി കടും നിറമുള്ള ലഗേജ് ടാഗുകളും അവതരിപ്പിച്ചു. മദീനയിലെ തീർഥാടകരുടെ വസതികളിൽ നിന്ന് ചെക്ക് ഇൻ ബാഗുകളുടെ ശേഖരണം ഉൾപ്പെടെയുള്ള പ്രത്യേക സഹായവും ലഭ്യമാക്കും. കാറ്ററിംഗ് സേവനങ്ങളിൽ ചെക്ക്-ഇൻ ചെയ്യുമ്പോൾ ഒരു മീൽ ബോക്സ്, വിമാനത്തിനുള്ളിൽ ഹോട്ട് മീൽ സർവീസ്, ഇറങ്ങുമ്പോൾ പായ്ക്ക് ചെയ്ത ലഘുഭക്ഷണം എന്നിവ ഉൾപ്പെടും. സാധാരണയുള്ള 7 കിലോ ഹാൻഡ് ബാഗേജ് അലവൻസിനൊപ്പം രണ്ട് ഭാഗങ്ങളിലായി 40 കിലോ ബാഗേജ് അലവൻസും ലഭിക്കും. എയർ ഇന്ത്യ എക്സ്പ്രസ് സംസം വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കും. മടക്ക ഫെറി വിമാനങ്ങളിൽ സംസം വെള്ളം എത്തിച്ച് കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളിൽ സൂക്ഷിക്കും. ഓരോ തീർഥാടകനും 5 ലിറ്റർ കാൻ സംസം വെള്ളം നൽകും. മെയ് 21 മുതൽ എയർ ഇന്ത്യ ചെന്നൈ, ജയ്പൂർ വിമാനത്താവളങ്ങളിൽ നിന്ന് ഹജ് സർവീസ് നടത്തുന്നുണ്ട്. എയർ ഇന്ത്യ ജയ്പൂർ, ചെന്നൈ എന്നിവിടങ്ങളിൽ നിന്ന് മദീനയിലേക്കും ജിദ്ദയിലേക്കും യഥാക്രമം 46 സർവീസുകൾ നടത്തും. എയർ ഇന്ത്യ എക്സ്പ്രസും എയർ ഇന്ത്യയും ചേർന്ന് ഏകദേശം 19,000 തീർഥാടകരെയാണ് ഹജ്ജ് കർമ്മങ്ങൾക്കായി എത്തിക്കുന്നത്.



ശ്രീ ഗോകുലം മെഡിക്കൽ കോളേജിലെ ക്രിട്ടിക്കൽ കെയർ വിഭാഗം ഉദ്ഘാടനം ചെയ്യുന്ന ചെയർമാൻ ഗോകുലം ഗോപാലൻ

# ശ്രീ ഗോകുലം മെഡിക്കൽ കോളേജിലെ ക്രിട്ടിക്കൽ കെയർ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: ശ്രീ ഗോകുലം മെഡിക്കൽ കോളേജിലെ ക്രിട്ടിക്കൽ കെയർ ഉദ്ഘാടനം ചെയ്തു. അതിനൂതമായ സാങ്കേതിവിദ്യയോട് കൂടി പുതുതായി ആരംഭിച്ച ക്രിട്ടിക്കൽ കെയറിന്റെ ഉദ്ഘാടനം ശ്രീഗോകുലം മെഡിക്കൽ കോളേജ് ചെയർമാൻ ഗോകുലം ഗോപാലൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ ഡോ. കെ.കെ മനോജൻ, ക്രിട്ടിക്കൽ കെയർ മേധാവി ഡോ. കിരൺ രാജഗോപാൽ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ലളിത കൈലാസ്, ശ്രീ ഗോകുലം മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. രാജമ്മ, ഫാർമസി അഡ്മിനിസ്ട്രേറ്റർ രമണി പീതാംബരൻ, മെഡിസിൻ യൂണിറ്റ് ചീഫ് ഡോക്ടർ സുമേഷ്, നഴ്സിംഗ് സൂപ്രണ്ടുമാരായ ശാന്ത നായർ, പുഷ്പ വേണുഗോപാൽ തുടങ്ങിയവർ സന്നിഹിതരായി.



വളോറം റിപ്ലെ ഏർപ്പെടുത്തിയ പഠനോപകരണങ്ങൾ സ്കൂൾ വിദ്യാർഥികൾക്ക് വിതരണം ചെയ്തപ്പോൾ

## വളോറം റിപ്ലെ പഠനോപകരണങ്ങൾ വിതരണം ചെയ്തു

തലശ്ശേരി: തലശ്ശേരി ഗോപാൽപ്പേട്ട ഗവ.എൽ.പി സ്കൂളിലെ മുഴുവൻ വിദ്യാർഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്ത് ബഹുരാഷ്ട്ര സോഫ്റ്റ്‌വെയർ കമ്പനിയായ വളോറം റിപ്ലെ മാതൃകയായി. ബാഗ്, നോട്ട്ബുക്കുകൾ, കുട, പെൻസിൽ, ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ ആണ് വിതരണം ചെയ്തത്. വളോറം റിപ്ലെ ഗ്ലോബൽ വൈസ് പ്രസിഡന്റ് സഞ്ജീവ് സുധീർ ചടങ്ങിൽ മുഖ്യാതിഥിയായി. തലശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ജമുനാറാണി ടീച്ചർ പരിപാടി ഉദ്ഘാടനം ചെയ്തു. ഹെഡ് മാസ്റ്റർ ജയൻ. എ, കൗൺസിലർമാരായ ജിഷ ജയചന്ദ്രൻ, ഐറിൻ സ്റ്റീഫൻ, പി.ടി.എ പ്രസിഡന്റ് അർഷിത. ജി.കെ എന്നിവർ ചടങ്ങിൽ സംസാരിച്ചു. വളോറം റിപ്ലെയുടെ സാമൂഹിക സേവന വിഭാഗമായ വളോറം ഗിവ്സ് ആണ് പരിപാടി സംഘടിപ്പിച്ചത്.

# കണ്ണൂരിൽ ഹജജ് ക്യാമ്പ് തുടങ്ങി, ഹജ്ജ് ത്യാഗ – സന്നദ്ധതയുടെ വിളംബരമെന്ന് ഡോ. ഹുസൈൻ മടവൂർ




ഇസ്ലാഹി സെന്റർ ഒരുക്കിയ ഹജജ് ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഡോ. ഹുസൈൻ മടവൂർ

കണ്ണൂർ: പരിശുദ്ധ ഹജ്ജ് തീർത്ഥാടനം ത്യാഗസന്നദ്ധതയുടെയും മാനവിക ഐക്യത്തിന്റെ വിളംബരമാണെന്ന് കെ.എൻ.എം സംസ്ഥാന ഉപാദ്ധ്യക്ഷൻ ഡോ.ഹുസൈൻ മടവൂർ പറഞ്ഞു. കണ്ണൂർ ഇന്റർനാഷനൽ എയർപോർട്ടിന് സമീപം ഇസ്ലാഹി സെന്റർ ഒരുക്കിയ ഹജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യർക്കിടയിൽ നിലനിൽക്കുന്ന ഒരു വിഭാഗീയതയുമില്ലാതെ എല്ലാവരും സമന്മാരാണെന്ന മഹനീയ സന്ദേശം ഹജ്ജിൽ ഏറെ പ്രകടമാണ്. ഒരേ വസ്ത്രം ധരിച്ച്, ഒരേ പ്രാർത്ഥനാ മന്ത്രം ഉരുവിട്ട്, ഒരേ കർമ്മങ്ങൾ അനുഷ്ഠിച്ച് കൊണ്ടാണ് ലോകത്തെമ്പാടുമുള്ള ലക്ഷക്കണക്കിന് തീർത്ഥാടകർ ഹജജ് നിർവ്വഹിക്കുന്നത്. അവിടെ ഉന്നതനെന്നോ താഴ്ന്നവനെന്നോ, സവർണനെന്നോ അവർണനെന്നോ, അറബിയെന്നോ, അനറബിയെന്നോയുള്ള യാതൊരു വ്യത്യാസമില്ലാതെ എല്ലാവരും ഐക്യപ്പെടുകയാണ്. മഹാനായ പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗോജ്ജ്വലമായ ജീവിതചരിത്രം അനുസ്മരിക്കുന്ന മഹത്തായ കർമമാണ് ഹജജ് എന്നും അദ്ദേഹം വിശദീകരിച്ചു. തുടർന്ന് നടന്ന പഠന ക്ലാസിന് മൗലവി അബ്ദുസലാം മോങ്ങം, ഹാഫിള് ഉനൈസ് പാപ്പിനിശ്ശേരി എന്നിവർ നേതൃത്വം നൽകി. കെ.എൻ.എം കണ്ണൂർ ജില്ലാ പ്രസിഡന്റ് പി.കെ. ഇബ്രാഹിം ഹാജി അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഡോ.എ.എ. ബഷീർ, ഇസ്ഹാഖലി കല്ലിക്കണ്ടി, അബ്ദുറഹ്മാൻ മാസ്റ്റർ ഉളിയിൽ, ഡോ: അബ്ദുറഹ്മാൻ കൊളത്തായി, ഡോ: മുഹമ്മദ് ഫാറൂഖ്, പി.പി.അബൂബക്കർ (പാർക്കോ) മഹ്മൂദ് വാരം, അലി ശ്രീകണ്ഠപുരം, ഫൈസൽ ദയാനഗർ പി.പി.മുഹമ്മദലി മട്ടനൂർ, കെ.കെ.അബ്ദുള്ള, ഹാഷിം മാസ്റ്റർ ടി.വി, ഇ.അലി ഹാജി കടവത്തൂർ, കെ. നിസാമുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു. നാളെ മക്കയിലേക്ക് പുറപ്പെടുന്ന ധാരാളം ഹാജിമാരും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു. ഈ ക്യാമ്പിൽ എല്ലാവർക്കും താമസവും ഭക്ഷണവും സൗജന്യമായി ലഭിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# നാദാപുരത്ത് 'ഹരിതസഭ'; ജനകീയ ഹരിത ഓഡിറ്റ് ടീമിന് പരിശീലനം നൽകി

നാദാപുരം: നാദാപുരം ഗ്രാമപഞ്ചായത്ത് സർക്കാർ നിർദേശപ്രകാരം ലോക പരിസ്ഥിതി ദിനത്തിൽ പതിനെട്ടാം വാർഡിലെ വാണിയൂർ വയലിൽ വച്ച് ഹരിത സഭ നടത്തുന്നതിന് തീരുമാനിച്ചു .ഹരിതസഭയുടെ ഭാഗമായി പൊതുപ്രവർത്തകർ , ഉദ്യോഗസ്ഥർ , സന്നദ്ധപ്രവർത്തകർ , കുടുംബശ്രീ പ്രവർത്തകർ എന്നിവർ അടങ്ങുന്ന 15 അംഗ ജനകീയ ഹരിത ഓഡിറ്റ് ടീമിന് പഞ്ചായത്തിൽ വെച്ച് പരിശീലനം നൽകി. മാലിന്യനിർമാർജനത്തിന് പഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ, പ്രവർത്തനങ്ങൾ , ഹരിത സേന പ്രവർത്തനം, വാർഡുകളിൽ നടത്തുന്ന ശുചിത്വം-മാലിന്യ പ്രവർത്തനം ,ഹരിത ചട്ടം , പൊതു സ്ഥലത്തെ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഓഡിറ്റ് ടീം റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. ഹരിത സഭയിലെ പ്രവർത്തനങ്ങളും റെക്കോർഡുകളും പരിശോധിച്ച് പ്രത്യേക റിപ്പോർട്ട് പഞ്ചായത്ത് തയ്യാറാക്കുകയും ഹ്രസ്വകാല നടപടികൾ, ദീർഘകാല നടപടികൾ എന്നിവ ഉൾപ്പെടെ വിശദമായ പ്രവർത്തനങ്ങളുടെ രൂപരേഖ സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നതാണ്. പരിശീലന പരിപാടി പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ് ക്ലാസ് എടുത്തു. സ്ഥിരം സമിതി അധ്യക്ഷന്മാരായ സി.കെ നാസർ, എം.സി സുബൈർ , അസിസ്റ്റന്റ് സെക്രട്ടറി ടി.പ്രേമാനന്ദൻ , ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു , സി.ഡി.എസ് ചെയർപേഴ്സൺ പി.പി റീജ, എ.കെ ഹരിദാസ് മാസ്റ്റർ, ടി.രവീന്ദ്രൻ മാസ്റ്റർ, കെ.എം ജീത്ത, ശിവകുമാരി, അജയകുമാർ, കെ.എം സക്കറിയ എന്നിവർ സംസാരിച്ചു



നാദാപുരത്ത് ഹരിതസഭയുടെ ഭാഗമായി ജനകീയ ഹരിത ഓഡിറ്റ് ടീമിന് വേണ്ടി സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി



എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് സഈദ് ടി. കെ 'പുസ്തകപ്പച്ച' പഠനോപകരണ വിതരണ സംസ്ഥാനതല പരിപാടിയിൽ സംസാരിക്കുന്നു

# വിദ്യാഭ്യാസ വിവേചനം തുടരുന്നത് മലബാറിനോടുള്ള വംശീയ മനോഭാവം: എസ്.ഐ.ഒ

കോഴിക്കോട്: പതിറ്റാണ്ടുകളായി മലബാർ മേഖല അനുഭവിക്കുന്ന വിദ്യാഭ്യാസ വിവേചനം മലബാറിനോടുള്ള വംശീയ മനോഭാവത്തിൽ നിന്നും രൂപപ്പെടുന്നതാണെന്ന് എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് സഈദ് ടി.കെ. എസ്.ഐ.ഒവിന്റെ 'പുസ്തകപ്പച്ച' പഠനോപകരണ വിതരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐക്യ കേരളം രൂപപ്പെട്ടത് മുതൽ മലബാറിനോട് ഈ അനീതി തുടരുന്നുണ്ടെന്നും മാറി മാറി വന്ന ഭരണകൂടങ്ങൾ ഈ കൊടും അനീതിയെ അഭിമുഖീകരിക്കാൻ തയ്യാറാവാതിരിക്കുന്നതും മലബാറിനോടുള്ള വംശീയബോധം കാരണമാണെന്നും മുഹമ്മദ് സഈദ് ടി.കെ അഭിപ്രായപ്പെട്ടു. നിലവിൽ മലബാറിൽ ഉപരിപഠനത്തിന് അർഹത നേടിയ 56,052 വിദ്യാർഥികൾക്ക് പൊതുമേഖലയിൽ ഉപരിപഠനം സാധ്യമല്ലെന്ന കണക്കുകൾ എസ്.ഐ.ഒ അടക്കമുള്ള വിദ്യാർഥി സംഘടനകളും സാമൂഹിക സന്നദ്ധ സംഘടനകളും തെളിവുകൾ സഹിതം പുറത്ത് വിട്ടിട്ടും വിദ്യാഭ്യാസ മന്ത്രിയും ഇടത് സംഘടനകളും കള്ള കണക്കുകൾ പ്രചരിപ്പിക്കുന്നതും ഈ കൊടും അനീതി പുറത്ത് കൊണ്ടുവരുന്ന വി. കാർത്തികേയൻ റിപ്പോർട്ട് മൂടിവെക്കുന്നതും അംഗീകരിക്കാനാവില്ല. കണക്കുകൾ നിരത്തി മലബാറിലെ വിദ്യാർഥികളുടെ നീതിക്ക് വേണ്ടി സംസാരിക്കുന്നവരെ മന്ത്രി 'നിക്ഷിപ്ത താൽപര്യക്കാരാ'ക്കുന്നത് ഈ വംശീയ മനോഭാവം പേറുന്നതിനാലാണ്. അതുകൊണ്ട് ഈ കൊടും അനീതിക്കും അതിന്റെ മൂലകാരണമായ വംശീയ ബോധത്തിനും എതിരായ ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. വിദ്യാർഥി സമൂഹം ഇനിയും ഈ അനീതി സഹിക്കുമെന്ന് അധികാരികൾ കരുതേണ്ടതില്ല എന്നും മുഹമ്മദ് സഈദ് ടി.കെ കൂട്ടിച്ചേർത്തു.

## പൂർവ വിദ്യാർഥി സംഘടനയെ പൊതുജനത്തിനിടയിൽ അപകീർത്തിപ്പെടുത്തുന്നതിൽ പ്രതിഷേധം

തലശ്ശേരി: സ്വതന്ത്ര സംഘടനയുടെ കൈവശമുള്ള ഫണ്ട് നൽകാത്തതിൽ പ്രകോപിതരായ ന്യൂ മാഹി എം.എം സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി പൊതുജനമധ്യത്തിൽ അപകീർത്തിപ്പെടുത്തുന്നതായി എം.എം അലൂമിനി അസോസിയേഷൻ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സംഘടനയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് അംഗങ്ങളിൽ നിന്നും സമാഹരിച്ച തുകയിൽ 8 ലക്ഷത്തോളം രൂപ കൈവശമുണ്ടെന്നും സ്കൂളിന് വാഹനങ്ങൾ വാങ്ങാൻ ഈ പണം നൽകണമെന്ന ആവശ്യം നിരാകരിച്ചതിനാലാണ് മാനേജ്മെന്റ് കമ്മറ്റിയായ എം.എം എജ്യുക്കേഷണൽ സൊസൈറ്റി ഇതേ സ്കൂളിലെ പൂർവ വിദ്യാർഥി സംഘടനയെ പൊതുസമൂഹത്തിന് മുൻപിൽ ഇകഴ്ത്തുന്നതെന്നും അവർ പറഞ്ഞു. തങ്ങളുടെ കൈവശമുള്ള പണം ഉപയോഗിച്ച് സ്കൂളിലെ കംപ്യൂട്ടർ ലാബ് നവീകരിക്കാനാണ് തീരുമാനിച്ചതെന്നും, ഇത് വകമാറ്റേണ്ടതില്ലെന്നും ദുരുദ്ദേശപരമായ പ്രസ്താവന നിരുപാധികം പിൻവലിക്കണമെന്നും പൂർവ വിദ്യാർത്ഥി സംഘടനയുടെ നിർവാഹക സമിതി യോഗം അംഗീകരിച്ച പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.അസീസ് മാഹി, വൈ. എം അനിൽകുമാർ, ഫൈസൽ ബിണ്ടി, പി.കെ.വി സാലി, വി. സുജാത എന്നിവർ വാർത്താ സമ്മേളനത്തിൽ സംബന്ധിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.